**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4103** **27-10-2021 - ൽ മറുപടിയ്ക്ക്**

**ലഹരി വസ്തുക്കളുടെ വിതരണം തടയാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ , ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീമതി കെ.കെ.രമ, ശ്രീ. ടി.സിദ്ദിഖ്** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡിന്റെ മറവിൽ സംസ്ഥാനത്തേക്ക് വൻതോതിൽ കഞ്ചാവും മറ്റ് നിരോധിത ലഹരി വസ്തുക്കളും കടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് കോവിഡ്-19 രോഗവ്യാപനത്തെ തുടർന്ന് ആദ്യമായി ലോക്ഡൗൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതു മുതൽ 6521 കിലോഗ്രാം കഞ്ചാവ്, 1276 കഞ്ചാവ് ചെടികൾ, 14.83 കിലോഗ്രാം ഹാഷിഷ് ഓയിൽ, 108 ഗ്രാം ബ്രൗൺഷുഗർ, 3 കിലോഗ്രാം എം.ഡി.എം.എ. തുടങ്ങിയവ വിവിധ കേസുകളിലായി കണ്ടെടുത്തിട്ടുണ്ട്. |
| (ബി) | റെയ്ഡിൽ പിടിച്ചെടുക്കുന്ന മയക്കുമരുന്ന് വിപണനത്തിന്റെ ചെറിയൊരംശം മാത്രമാണെന്നും ദക്ഷിണേന്ത്യയിലെ മയക്കുമരുന്ന് വിതരണ കേന്ദ്രമായി സംസ്ഥാനം മാറുന്നുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വേണ്ടത്ര അംഗബലം ഇല്ലാത്തത് എക്സൈസ് വകുപ്പിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ; | (സി) | നിലവിലെ അംഗബലം ഉപയോഗിച്ച് എക്സൈസ് വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | എക്സൈസ് വകുപ്പിന്റെ ഘടന പരിഷ്കരിക്കുന്നതിനായി എന്തെങ്കിലും പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് നിരസിച്ചിട്ടുണ്ടോ; നിരസിച്ചിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കാമോ? | (ഡി) | എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ എക്സൈസ് ഓഫീസുകൾ രൂപീകരിക്കുന്നതിനും, എക്സൈസ് ഉദ്യോഗസ്ഥരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുമായി ലഭിച്ച ശുപാർശകൾ സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ